REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 26-10-2024** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- ഉക്രൈനിലെ യുദ്ധത്തിലും സംഘർഷത്തിലും ഇന്ത്യയും ജർമ്മനിയും അഗാധമായ ആശങ്കയറിയിച്ചു.
- സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിന്റെ പത്രികാ സമർപ്പണം പൂർത്തിയായി.മൂന്നിടത്തും നിരവധി കക്ഷിരഹിതർ ഇന്നലെ പത്രിക നൽകി.
- വയലും തണ്ണീർത്തടങ്ങളും അനധികൃതമായി നികത്തിയവർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മന്ത്രി K.രാജൻ.
- സംസ്ഥാനത്ത് എട്ട് ജില്ലകളിൽ മഴസാധ്യത മുൻനിർത്തി ഇന്ന് മഞ്ഞ ജാഗ്രത.
- പൂനെ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ പതറുന്നു.

## വാർത്തകൾ വിശദമായി

**ഉക്രൈനിലെ യുദ്ധത്തിലും സംഘർഷത്തിലും ഇന്ത്യയും ജർമനിയും അഗാധമായ ആശങ്ക പ്രകടിപ്പിച്ചു. സംഘർഷത്തിന്റെ മാനുഷിക ആഘാതങ്ങൾ ഭയാനകവും ദാരുണവുമാണെന്ന് ഇരുരാജ്യങ്ങളും വിലയിരുത്തി.**

**ന്യൂഡൽഹിയിൽ ഇന്നലെ ചേർന്ന ഏഴാമത് ഇന്ത്യ-ജർമ്മനി ഇന്റർ ഗവൺമെന്റ് കൺസൾട്ടേഷന് ശേഷം നടത്തിയ സംയുക്ത പ്രസ്താവനയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസുമാണ് ഇക്കാര്യം വ്യക്തമാക്കിയത്.**

✪✪✪

ജുഡീഷ്യറി ഉൾപ്പെടെ തൊഴിലിടങ്ങളിൽ സ്ത്രീകളുടെ കൂടുതൽ പങ്കാളിത്തം വേണമെന്ന് സുപ്രീ കോടതി ചീഫ് ജസ്റ്റിസ് D.Y ചന്ദ്രചൂഡ് പറഞ്ഞു. ആകാശവാണി വാർത്തകൾക്ക് നൽകിയ പ്രത്യേക അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൂടുതൽ സ്ത്രീ പ്രാതിനിധ്യം സ്ത്രീകളുടെ ജീവിതാനുഭവങ്ങളെ ഉയർത്തിക്കാട്ടുന്നുവെന്നും വൈവിധ്യമാർന്ന വീക്ഷണങ്ങളോടെ തീരുമാനമെടുക്കാൻ ഇത് സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി പ്രതിമാസ മൻ കി ബാത് പരിപാടിയിൽ നാളെ രാവിലെ 11- ന് ആകാശവാണിയിലൂടെ ജനങ്ങളുമായി സംവദിക്കും. മൻ കി ബാതിന്റെ 115-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ നിലയങ്ങളിലും, AIR NEWS വെബ്സൈറ്റിലും, News on air മൊബൈൽ ആപ്പിലും പരിപാടി കേൾക്കാം. AIR NEWS, DD NEWS, പ്രധാനമന്ത്രിയുടെയും I & B മന്ത്രാലയത്തിന്റെയും യു-ട്യൂബ് ചാനലുകളിലും പരിപാടി ലഭ്യമാണ്. പ്രധാനമന്ത്രിയുടെ പ്രഭാഷണത്തിനുശേഷം പ്രാദേശിക ഭാഷാ പ്രക്ഷേപണവും ഉണ്ടായിരിക്കും.

✪✪✪

സംസ്ഥാനത്തെ ഉപതിരഞ്ഞെടുപ്പുകളിൽ പത്രികാ സമർപ്പണം ഇന്നലെ പൂർത്തിയായി. വയനാട് ലോക്സഭാ മണ്ഡലത്തിൽ പത്രികാ സമർപ്പണം അവസാനിച്ചപ്പോൾ 21 പേർ മത്സര രംഗത്തുണ്ട്. അവസാന ദിവസമായ ഇന്നലെ 11 പേർ പത്രിക സമർപ്പിച്ചു.

വയനാട്ടിലെ UDF സ്ഥാനാർഥിയുടെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫിസ് ഇന്ന് രാവിലെ പ്രതിപക്ഷ നേതാവ് V.D സതീശൻ ഉദ്ഘാടനം ചെയ്യും.

വയനാട് NDA സ്ഥാനാർത്ഥി ഇന്ന് തിരുവമ്പാടി മണ്ഡലത്തിൽ പര്യടനം നടത്തും. രാവിലെ പുതുപ്പാടി പഞ്ചായത്തിൽ നിന്നും തുടങ്ങുന്ന പര്യടനം വൈകീട് മുക്കം നഗരസഭയിൽ സമാപിക്കും.

✪✪✪

പാലക്കാട് നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ അവസാന ദിവസമായ ഇന്നലെ ഒമ്പത് പേർ കൂടി പത്രിക നൽകി. ഇതോടെ പത്രിക നൽകിയവരുടെ എണ്ണം 16 ആയി.

UDF സ്ഥാനാർഥി  ഇന്ന് പിരായിരി പഞ്ചായത്തിൽ പ്രചാരണം നടത്തും. LDF സ്ഥാനാർഥി  സ്വകാര്യ സന്ദർശനങ്ങളോടെ  ഇന്ന്  പ്രചരണം ആരംഭിക്കും. NDA സ്ഥാനാർഥി  പാലക്കാട് നഗരസഭ പ്രദേശങ്ങളിലായിരിക്കും  പ്രചാരണം നടത്തുക.

✪✪✪

ചേലക്കര മണ്ഡലത്തിൽ ഇന്നലെ  ഒൻപതു പേർ കൂടി പത്രിക സമർപ്പിച്ചു. ഇതോടെ മത്സരരംഗത്ത് ഒൻപത് സ്ഥാനാർത്ഥികളായി.

ജനങ്ങളെ നേരിൽ കണ്ട് വോട്ടുകൾ തേടുന്ന തിരക്കിലാണ് ഓരോ സ്ഥാനാർത്ഥിയും.  സ്ഥാനാർത്ഥി  ചിത്രം  വ്യക്തമായതോടെ ചേലക്കരയിലെ തിരഞ്ഞെടുപ്പ് രംഗം  ശക്തമായ  പ്രചാരണ ചൂടിലേക്ക് മാറിക്കഴിഞ്ഞു.

✪✪✪

വയനാട് ലോക്സഭ മണ്ഡലത്തിലെ തിരുമ്പാടി മണ്ഡലം LDF കൺവൻഷൻ മന്ത്രി J ചിഞ്ചുറാണി  ഉദ്ഘാടനം ചെയ്തു. പ്രചാരണത്തിന് 1,501 അംഗ ജനറൽ കമ്മിറ്റിയും 251 അംഗ നിർവാഹക സമിതിയും രുപീകരിച്ചു.

✪✪✪

കണ്ണൂർ ADM ആയിരുന്ന K നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസ് അന്വേഷിക്കാൻ  നിയോഗിച്ച പ്രത്യേക പൊലീസ് സംഘത്തിന്റെ യോഗം രാവിലെ ചേരും.  കണ്ണൂർ ജില്ലാ പൊലീസ് മേധാവി അജിത്ത് കുമാറിന്റെ നേതൃത്വത്തിലാണ്  സംഘം രൂപീകരിച്ചത്.

അതിനിടെ, കണ്ണൂർ മുൻ ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് P.P ദിവ്യയുടെ മുൻകൂർ ജാമ്യാപേക്ഷയിൽ ഈ മാസം 29 ന് തലശേരി പ്രിൻസിപ്പൽ സെഷൻസ് കോടതി വിധി പറയും.

നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ  ദിവ്യയെ അറസ്റ്റുചെയ്യണമെന്നാവശ്യപ്പെട്ട് മഹിളാ കോൺഗ്രസ് കണ്ണൂർ ജില്ലാ കമ്മിറ്റി കളക്ടറേറ്റ് പടിക്കൽ രാപകൽ സമരം തുടങ്ങി. DCC. പ്രസിഡന്റ് മാർട്ടിൻ ജോർജ് ഉദ്ഘാടനം ചെയ്തു.

✪✪✪

CPIM ന്റെ സംരക്ഷണത്തിലാണ് കണ്ണൂർ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്  P.P ദിവ്യയെന്ന് KPCC പ്രസിഡന്റ് K. സുധാകരൻ

ആരോപിച്ചു. ADM നവീൻ ബാബുവിന്റെ മരണത്തിൽ നടക്കുന്ന ഗവൺമെന്റ് അന്വേഷണത്തിലും ആശങ്കയുണ്ടെന്ന് അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു. അവർക്കെതിരെ ജുഡീഷ്യൽ അന്വേഷണമാണ് വേണ്ടതെന്നും നടപടിയെടുത്തെന്ന CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദന്റെ പരാമർശം ജനങ്ങളുടെ കണ്ണിൽ പൊടിയിടാനാണെന്നും സുധാകരൻ വിലയിരുത്തി.

✪✪✪

ഗോകുലം ഗോപാലന് ഓൾ ഇന്ത്യ മലയാളി അസോസിയേഷനും മലബാർ സൗഹൃദ കൂട്ടായ്മയും ചേർന്ന് സംഘടിപ്പിക്കുന്ന സ്നേഹാദര സന്ധ്യ വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കലിക്കറ്റ് ട്രേഡ് സെന്ററിലെ പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, ഡോ. ശശി തരൂർ MP എന്നിവർ മുഖ്യാതിഥികളാകും.

ഇന്നലെ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച സൗഹൃദ സന്ധ്യ ഗോവ ഗവർണർ P.S ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്തു. സ്വയം കണ്ടെത്തിയ വഴിയിലൂടെ മുന്നോട്ടു പോയ ഗോകുലം ഗോപാലന് എല്ലാ മേഖലകളിലും വിജയം കൈവരിക്കാൻ സാധിച്ചെന്ന് ശ്രീധരൻപിള്ള പറഞ്ഞു. KPCC പ്രസിഡന്റ് K സുധാകരനും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

സംസ്ഥാനത്ത് തീവ്ര മഴ സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെ ജില്ലകളിലാണ് ജാഗ്രത.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

വയലും തണ്ണീർത്തടങ്ങളും അനധികൃതമായി നികത്തിയവർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മന്ത്രി K.രാജൻ അറിയിച്ചു. തണ്ണീർത്തട, നെൽവയൽ സംരക്ഷണ നിയമം, ഭൂമിതരം മാറ്റാൻ മാത്രമല്ലെന്നും കൃഷിഭൂമിയുടെ സംരക്ഷണത്തിനാണെന്നും അദ്ദേഹം കാഞ്ഞങ്ങാട്ട് പറഞ്ഞു. മുനിസിപ്പൽ ടൗൺഹാളിൽ ഭൂമി തരം മാറ്റൽ അദാലത്ത് സംസ്ഥാനതല ഉദ്ഘാടനം നടത്തുകയായിരുന്നു മന്ത്രി.

2008 ലെ തണ്ണീർത്തട, നെൽവയൽ നികത്തൽ തടയൽ നിയമം നിലവിൽ വന്ന ശേഷം അനധികൃതമായി നികത്തിയ ഭൂമി പഴയ സ്ഥിതിയിലാക്കാൻ ജില്ലാ കളക്ടർമാർക്ക് രണ്ടുകോടി രൂപ വീതം റിവോൾവിങ് ഫണ്ട് അനുവദിക്കുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ശബരിമലയിൽ വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനത്തിലൂടെ കുറ്റമറ്റ തീർത്ഥാടനം ഉറപ്പാക്കുമെന്ന് മന്ത്രി V.N വാസവൻ പറഞ്ഞു. പന്തളം ഇടത്താവളത്തിൽ ചേർന്ന അവലോകനയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. തീർത്ഥാടകരെ ചൂഷണം ചെയ്യുന്ന സാഹചര്യം ഇല്ലെന്ന് ഉറപ്പാക്കും. ഭക്ഷ്യസുരക്ഷാ, ലീഗൽ മെട്രോളജി വകുപ്പുകൾ, RDO എന്നിവയുടെ നേതൃത്വത്തിൽ ഇതിനായി പ്രത്യേക ടീമുകൾ രൂപീകരിച്ചു

ഈ മാസം 29 ന് പമ്പയിൽ അവസാനഘട്ട യോഗം ചേർന്ന ശേഷം തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്ന് ക്രമീകരണങ്ങൾ ഉറപ്പാക്കുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

പൂനെയിൽ ന്യൂസിലാൻഡിന് എതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ പതറുന്നു. കളിയുടെ രണ്ടാം ദിനമായ ഇന്നലെ ഒന്നാം ഇന്നിംഗസിൽ ഇന്ത്യ 156 റൺസിന് പുറത്തായി. രണ്ടാം ഇന്നിംഗ്സിൽ ബാറ്റിംഗ് ആരംഭിച്ച ന്യൂസിലാൻഡ് ഇന്നലെ കളി നിർത്തുമ്പോൾ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 198 റൺസെടുത്തിട്ടുണ്ട്.

✪✪✪

കോഴിക്കോട്ട് സംസ്ഥാന ഫയർ സർവീസ്, ഹോം ഗാർഡ്സ്, സിവിൽ ഡിഫൻസ് കായികമേളയുടെ ആദ്യ ദിവസം 105 പോയിന്റുമായി കോഴിക്കോട്, എറണാകുളം മേഖലകൾ മുന്നിലെത്തി. 104 പോയന്റുമായി പാലക്കാട് മേഖലയാണ് തൊട്ടുപിന്നിൽ.

മേള ഇന്ന് ദേവഗിരി കോളേജ് ഗ്രൗണ്ടിൽ അഗ്നിരക്ഷാസേന ഡയറക്ടർ ജനറൽ K പത്മകുമാർ ഔപചാരികമായി ഉദ്ഘാടനം ചെയ്യും.

✪✪✪

മലപ്പുറം ജില്ലാ കളരിപ്പയറ്റ് മത്സരത്തിന് തിരുനാവായയിൽ ഇന്ന് തുടക്കമാകും. എടക്കുളം AM UP സ്കൂളിലെ രണ്ടു ദിവസത്തെ മത്സരത്തിൽ അഞ്ഞൂറോളം കളരി അഭ്യാസികൾ പങ്കെടുക്കും.

✪✪✪

തിരുവനന്തപുരത്ത് സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ തിരുവനന്തപുരം കൊമ്പൻസ് FC യെ, ഫോഴ്സ കൊച്ചി FC ഒന്നിനെതിരെ മൂന്ന് ഗോളിന് തോൽപ്പിച്ചു.

ഇന്ന് തൃശൂർ മാജിക് FC, കാലിക്കറ്റ് FC യെ മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ നേരിടും. വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

അമേച്വർ തായ്ക്വാണ്ടോ അസോസിയേഷന്റെ സംസ്ഥാന സബ്ജൂനിയർ ചാമ്പ്യൻഷിപ്പ് ഇന്നും നാളെയും കാഞ്ഞങ്ങാട് ദുർഗ്ഗാ ഹയർ സെക്കൻഡറി സ്കൂളിൽ നടത്തും. 650 കായിക താരങ്ങൾ മൽസരത്തിൽ പങ്കെടുക്കും. 5-8, 8-11 പ്രായ വിഭാഗങ്ങളിലാണ് മൽസരം.

✪✪✪

കോഴിക്കോട് റവന്യു ജില്ല ശാസ്ത്രോത്സവം കുന്ദമംഗലത്ത് ഇന്ന് സമാപിക്കും. ഓവറോൾ വിഭാഗത്തിൽ 549 പോയിന്റോടെ കൊടുവള്ളി ഉപജില്ലയാണ് മുന്നിൽ. 547 പോയിന്റോടെ മുക്കം ഉപജില്ല രണ്ടാം സ്ഥാനത്തും, 534 പോയിന്റോടെ സിറ്റി ഉപജില്ല മൂന്നാം സ്ഥാനത്തുമുണ്ട്.

✪✪✪

കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ ശാസ്ത്രോത്സവത്തിൽ 1,200 പോയിന്റോടെ പയ്യന്നൂർ ഉപജില്ല ഒന്നാംസ്ഥാനം നേടി. 1,177 പോയിൻറുമായി ഇരിട്ടി രണ്ടാംസ്ഥാനവും, 1,154 പോയിന്റോടെ തളിപ്പറമ്പ് നോർത്ത് മൂന്നാം സ്ഥാനവും സ്വന്തമാക്കി.

✪✪✪

പാലക്കാട്ട് മാധ്യമപ്രവർത്തകരെ അധിക്ഷേപിക്കുകയും, മോശമായി പെരുമാറുകയും ചെയ്ത മുൻ MP N.N കൃഷ്ണദാസിന്റെ നടപടിയെ കേരള പത്രപ്രവർത്തക യൂണിയൻ അപലപിച്ചു. കൃഷ്ണദാസിന്റെ

നിലവാരമില്ലാത്ത പ്രസ്താവനയിലും, പെരുമാറ്റത്തിലും അദ്ദേഹം മാപ്പു പറയണമെന്ന് KUWJ സംസ്ഥാന പ്രസിഡണ്ട് K.P റജിയും, ജനറൽ സെക്രട്ടറി സുരേഷ് എടപ്പാളും തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

✪✪✪

കുടുംബശ്രീ മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സമൂഹത്തിന്റെ നേർക്കാഴ്ചകളുമായി കനസ് ജാഗ ചലച്ചിത്ര മേള ഇന്ന് എറണാകുളം സെന്റ് തെരേസസ് കോളേജിൽ മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും. തദ്ദേശ മേഖലയിലെ കുട്ടികളെ വ്യത്യസ്ത രംഗങ്ങളിൽ മികവുറ്റവരാക്കുക എന്നതാണ് രണ്ടുദിവസത്തെ ചലച്ചിത്ര മേളയുടെ ലക്ഷ്യം.

✪✪✪

ഇന്ന് തുലാം പത്ത്. വടക്കൻ കേരളത്തിൽ ഇടവ മാസത്തോടെ അവസാനിച്ച തെയ്യങ്ങൾ തുലാം പത്ത് മുതൽ വീണ്ടും ഉണരുകയാണ്. നീലേശ്വരത്തെ അഞ്ഞൂറ്റമ്പലം കാവിലെ പുത്തരി തെയ്യത്തോടെയാണ് വടക്കേ മലബാറിലെ തെയ്യക്കോലങ്ങളുടെ അരങ്ങ് ഉണരുന്നത്.

കൂടുതൽ വിവരങ്ങളുമായി കാസർകോഡ് നിന്ന് പി ജഗന്നിവാസൻ....

.....(വോയ്സ്)...........

✪✪✪